॥ ओ३म् ॥

# ദയാനന്ദ സന്ദേശം



## ആര്യസമാജത്തിന്റെ മുഖപത്രം

## വൈദിക–ദാർശനിക മാസിക

## DAYANANDA SANDESAM


*ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)*

*വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!*


പുസ്തകം : 8 ലക്കം : 11

സൃഷ്ടി സംവത്സരം 1972949122 കലിവർഷം 5122 വൈദിക സൗരമാസം : ശുക്രം–ശുചി
ചാന്ദ്രമാസം : ജ്യേഷ്ഠം– ആഷാഢം, കൊല്ലവർഷം 1195 ഇടവം–മിഥുനം 2020 മെയ്–ജൂൺ

വാർഷിക വരിസംഖ്യ : ₹ 100/– ദീർഘകാലം : ₹ 1500/–

രവീന്ദ്രനാഥ ടാഗോർ (1861– 1941)

**ഭാരത ചരിത്രത്തിൽ ഈ മാസം ഓർത്തിരിക്കേണ്ട പ്രധാന ദിനങ്ങൾ**

| | |
|---|---|
| മെയ് 7 | : രവീന്ദ്രനാഥ ടാഗോർ ജന്മദിനം |
| മെയ് 8 | : മഹാറാണാ പ്രതാപ് ജന്മദിനം |
| മെയ് 11, 13 | : പൊഖ്റാൻ അണുപരീക്ഷണ വാർഷികം (ഓപ്പറേഷൻ ശക്തി) |
| മെയ് 28 | : വീർ സവർക്കർ ജയന്തി |
| ജൂൺ 8 | : റാണി ലക്ഷ്മിഭായ് രക്തസാക്ഷിദിനം |

"മാനവരെല്ലാം ആര്യന്മാർ!
വേദജ്ഞാനം ഈശ്വരദത്തം!
സേവനമല്ലോ നമ്മുടെ ധർമ്മം!"

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം



മണ്ഡലം 1 സൂക്തം 10

**മധുച്ഛന്ദാ ഋഷിഃ|ഇന്ദ്രോ ദേവതാ വിരാഡനുഷ്ടുപ്പ് ഛന്ദഃ|**
**ഗാന്ധാരഃ സ്വരഃ||**

**തമിത്സഖിത്വ ഈമഹേ തം രായേ തം സുവീര്യേ|**
**സ ശക്ര ഉത നഃ ശകദിന്ദ്രോ വസു ദയമാനഃ||**

(ഋഗ്വേദം 1.10.6)

**പദാർഥം** :- ആരാണോ (നഃ) ഞങ്ങൾക്കായി (ദയമാനഃ) സുഖപൂർവ്വം രമിക്കാൻ യോഗ്യമായ വിദ്യ, ആരോഗ്യം, സുവർണ്ണം തുടങ്ങിയ ധനം നൽകുന്നത്, വിദ്യ തുടങ്ങിയ ഗുണങ്ങളുടെ പ്രകാശകനും നിരന്തരം രക്ഷകനും അതേപോലെ ദുഃഖദോഷങ്ങളുടെ അഥവാ ശത്രുക്കളുടെ വിനാശവും തങ്ങളുടെ ധാർമ്മികരായ സജ്ജന ഭക്തരുടെ ഗ്രഹണവും ചെയ്യാൻ (ശക്രഃ) അനന്തസാമർത്ഥ്യയുക്തനായ, (ഇന്ദ്രഃ) ദുഖങ്ങളെ നശിപ്പിക്കുന്ന ജഗദീശ്വരനാകുന്നത്, അദ്ദേഹം (വസു) വിദ്യ, ചക്രവർത്തി, രാജ്യം തുടങ്ങിയ പരമധനത്തെ നൽകുന്ന (ശകത്) സമർത്ഥനാണ് (തമിത്) അദ്ദേഹത്തെ ഞങ്ങൾ (ഉത) വേദാദിശാസ്ത്രങ്ങളും എല്ലാ പണ്ഡിതന്മാരും പ്രത്യക്ഷാദി പ്രമാണങ്ങളും തങ്ങളുടെ തന്നെ നിശ്ചയത്താൽ (സഖിത്വേ) മിത്രതക്കും നല്ല കർമ്മങ്ങൾക്കു വേണ്ടുന്ന നിമിത്തമായ (തമ്) അദ്ദേഹത്തെ (രായേ) പൂർവോക്ത വിദ്യാദി ധനത്തിനുവേണ്ടി (തമ്) അദ്ദേഹത്തെ (സുവീര്യേ) ശ്രേഷ്ഠഗുണയുക്തമായ ഉത്തമ പരാക്രമത്തിന്റെ പ്രാപ്തിക്കായി (ഈമഹേ) യാചിക്കുന്നു.

**ഭാവാർത്ഥം** : എല്ലാ സുഖങ്ങളുടെയും ശുഭഗുണങ്ങളുടെയും പ്രാപ്തിക്കായി എല്ലാവർക്കും പരമേശ്വരനെ പ്രാർത്ഥിക്കുകയാണ് ഉചിതമായിട്ടുള്ളത്. എന്തെന്നാൽ ആ അദ്വിതീയനും സർവ മിത്ര പരമൈശ്വര്യവാനുമായ അദ്ദേഹമാണ് ഉക്തമായ പദാർത്ഥങ്ങളെ നൽകാൻ സാമർത്ഥ്യവാനായിട്ടുള്ളത്.

(തുടരും)

**(മഹർഷി ദയനാന്ദസരസ്വതിയുടെ ഋഗ്വേദഭാഷ്യത്തിൽ നിന്ന് തർജ്ജമ : കെ.എം.രാജൻ)**

അഭീമം മഹിമാ ദിവം വിപ്രോ ബഭൂവ സപപ്രഥാഃ (യജുർവേദം 38.17)
ഉത്തമനായ വിദ്വാൻ അവിദ്യയെ തിരസ്കരിക്കുന്നു.

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

## വൈദിക-ദാർശനിക മാസിക

പുസ്തകം : 8 ലക്കം 11

സൃഷ്ടി സംവത്സരം 1972949122 കലിവർഷം 5122 വൈദിക സൗരമാസം : ശുക്രം-ശുചി
ചാന്ദ്രമാസം : ജ്യേഷ്ഠം- ആഷാഢം കൊല്ലവർഷം : 1195 ഇടവം-മിഥുനം 2020 മെയ്- ജൂൺ



**രക്ഷാധികാരി**
സ്വാമി ആശുതോഷ്ജി പരിവ്രാജക്
**പത്രാധിപർ** : കെ.എം. രാജൻ
**ഉപദേശക സമിതി**
ആചാര്യ വാമദേവ് ആര്യ
വി. ഗോവിന്ദദാസ്
**പത്രാധിപ സമിതി** : കെ.കെ. ജയൻ, അജിതഗണേഷ്, പാർവ്വതി കൃഷ്ണൻ
**വ്യവസ്ഥാപകൻ**: പി ശ്രീജേഷ്


**താളുകൾ മറിക്കുമ്പോൾ**


| | |
|---|---|
| വേദാദ്ധ്യയനം | 2 |
| മുഖവാണി | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | 5 |
| മനുസ്മൃതി | 6 |
| പുരാണങ്ങൾ : സത്യവും, മിഥ്യയും | 7 |
| ദ്രൗപദിയും പഞ്ചപതികളും | 8 |
| ജീവിതം ഒരലയാഴി | 9 |
| യോഗദർശനം | 10 |
| അഷ്ടാധ്യായി പ്രവേശിക | 11 |
| ഗോകരുണാനിധി | 12 |
| മാപ്പിള | 13 |
| വൈദിക നിത്യകർമ്മവിധി | 14 |
| സൽസന്താനങ്ങളുടെ നിർമ്മാണം | 15 |
| ബൈബിൾ സ്വയംമാറ്റുരക്കുമ്പോൾ | 16 |
| Dayananda The Great | 17 |
| വേദപുഷ്പങ്ങൾ | 18 |



**വിലാസം**
ദായനന്ദ സന്ദേശം, ആര്യസമാജം
പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ
വെള്ളിനേഴി തപാൽ, പാലക്കാട് - 679 504
Ph : 7907077891, 9446017440
Email :dayanandasandesam@gmail.com
Vist Us : www.aryasmajkerala.org.in
www.vedagurukulam.org


# മുഖവാണി

## ആരാണ് ഈശ്വരൻ?

(തുടർച്ച)



മാത്രമല്ല, സർവ്വവ്യാപിയായ ഈശ്വരന് എവിടെയും അവതരിക്കാനാവില്ല എന്ന് വേദങ്ങൾ വർണ്ണിക്കുന്ന ഈശ്വരന്റെ ഗുണവിശേഷങ്ങൾ വ്യക്തമാക്കുന്നു. അതിനാൽ പുരാണങ്ങളിൽ പറയുന്ന ഇത്തരം കഥകളെല്ലാം മിഥ്യയാണ്.

ഭഗവത് ഗീതയിലെ പന്ത്രണ്ടാം അദ്ധ്യായം ഒന്നാം ശ്ലോകത്തിൽ ഈശ്വര സാക്ഷാത്കാരത്തിനുള്ള എളുപ്പമായ യോഗമാർഗ്ഗം എന്താണെന്ന് അർജ്ജുനൻ കൃഷ്ണനോട് ചോദിക്കു ന്നുണ്ട്. തന്നിലൂടെ ഈശ്വര സാക്ഷാത്കാരം നേടാമെന്ന് കൃഷ്ണൻ മറുപടിയും പറയുന്നുണ്ട് (ഗീതയിലെ ഈ ഭാഗങ്ങൾ പലതും പ്രക്ഷിപ്തമാണെന്നാണ് പണ്ഡിത മതം). പുതിയ നിയമത്തിലും ഇത്തര ത്തിലുള്ള ഒരു പ്രസ്താവന കാണാം. One can Achieve salvation only through Christ (John 14.6)

---

**അഗ്നിനാഗ്നിഃ സമിദ്ധ്യതെ (സാമം 944)**

**ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു.**

ഗീതയിലെ തന്നെ ഏതാനും ഭാഗങ്ങളുടെ വിവരണം പരസ്പരവിരുദ്ധമായി കാണാം. ശ്രീകൃഷ്ണൻ ഒരു മഹായോഗിയായിരുന്നു. യോഗേശ്വരനായിരുന്നു. അദ്ദേഹം ആത്മസാക്ഷാത്കാരം നേടിയ വ്യക്തിയായിരുന്നു, ഈശ്വരനായിരുന്നില്ല. താൻ ഈശ്വരനിൽ നിന്ന് വ്യത്യസ്തനാണെന്ന് കൃഷ്ണൻ തന്നെ ഗീതയിൽ വ്യക്തമായി പറയുന്നുണ്ട്. (ഗീത 18.61 - 62)

**ഈശ്വരഃ സർവ്വഭൂതാനം ഹൃദ്ദേശേ/ർജ്ജുന തിഷ്ഠതി।**
**ഭ്രാമയൻ സർവ്വഭൂതാനി യന്ത്രാരൂഢാനി മായയാ॥ (ഗീത 18.61)**

**തമേവ ശരണം ഗച്ഛ സർവ്വ ഭാവേന ഭാരത।**
**തത്പ്രസാദാത്പരം ശാന്തിം സ്ഥാനം പ്രാപ്സ്യസി ശാശ്യതമ് ॥(ഗീത 18.68)**

ഈ രണ്ടു ശ്ലോകങ്ങളിലൂടെയും ശ്രീകൃഷ്ണൻ താൻ ഈശ്വരനല്ലെന്ന് വ്യക്തമാക്കുന്നുണ്ട്. ബൈബിളിൽ നിരവധിയിടങ്ങളിൽ യേശു താൻ ദൈവമാണെന്ന് സൂചന നൽകുകയും മറ്റു ചിലയിടങ്ങളിൽ താൻ ദൈവമല്ലെന്നു വ്യക്തമാക്കുകയും ചെയ്യുന്നുണ്ട്. ശ്രീകൃഷ്ണന്റെയും യേശുവിന്റെയും ഭക്തന്മാരിൽ ചിലർ അവരെ കൂടുതൽ മഹത്വവൽക്കരിക്കാനായി, ദൈവമായി ഉയർത്തിക്കാണിക്കുകയാണ്. എന്നാൽ ഇത് ഈശ്വരന്റെ ഗുണകർമ്മസ്വഭാവങ്ങൾക്ക് യോജിക്കുന്നില്ല.

## ക്രിസ്തീയ വീക്ഷണം

ജോൺ പോൾ രണ്ടാമൻ മാർപാപ്പ (പോപ്പ് ജോൺ പോൾ-II) തന്റെ 26 വർഷത്തെ വാഴ്ചക്കാലത്ത് മതങ്ങൾക്കിടയിലെ ആശയ സംവാദത്തിന് മുൻകൈ എടുത്തിരുന്നു.

2000ൽ അദ്ദേഹം കർദ്ദിനാൾ റാറ്റ്സിംഗറും (Cardinal Ratzinger, later he became pope Benedict XVI) ഒത്ത് ക്രിസ്തുമതം വിശിഷ്യാ കത്തോലിക്ക മതം മറ്റു മതങ്ങളേക്കാളുമൊക്കെ ശ്രേഷ്ഠമാണെന്ന് പ്രഖ്യാപിക്കുകയുണ്ടായി. ഇത്തരം പ്രഖ്യാപനങ്ങൾ മതങ്ങൾ തമ്മിലുള്ള ആശയവിനിമയത്തെ സഹായിക്കില്ല. മുൻവിധിയോടുള്ള പ്രസ്താവനകൾ സാമുദായിക സൗഹാർദം താറുമാറാക്കാനേ പ്രയോജനം ചെയ്യുകയുള്ളൂ.

(തുടരും)

\- പത്രാധിപർ

ഓം നമഃ ശംഭവായ ച മയോഭവായ ച (യജു. 16.41)
മംഗളത്തിന്റെയും സുഖത്തിന്റെയും ഉറവിടമായ ഭഗവാനെ! അങ്ങയെ നമസ്കരിക്കുന്നു.



*(മുൻലക്കത്തിന്റെ തുടർച്ച)*

# ഋഗ്വേദാദി ഭാഷ്യഭൂമിക

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ : കെ. എം. രാജൻ

## 4. വേദവിഷയവിചാരഃ

**അസ്യായമർത്ഥഃ** യത് (വിഷ്ണോഃ) വ്യാപകസ്യ പരമേശ്വരസ്യ (പരമം) പ്രകൃഷ്ടാനന്ദസ്വരൂപം (പദം) പദനീയം സർവ്വോത്തമോപയൈർമനുഷ്യൈഃ പ്രാപണീയം മോക്ഷാഖ്യമസ്തി, തത് (സൂരയഃ...) വിദ്വാംസഃ സദാ സർവേഷു കാലേഷു പശ്യന്തി। കീദൃശം തത്? (ആതതം) ആസമന്താത് തതം വിസ്തൃതം യദ് ദേശകാലവസ്തുപരിച്ഛേദരഹിതമസ്തി, അതഃ സർവൈഃ സർവത്ര തദുപലഭ്യതേ, തസ്യ ബ്രഹ്മസ്വരൂപസ്യ വിഭുത്വാത്।കസ്യാം കിമിവ? (ദിവീവ ചക്ഷുരാതതമ്) ദിവി മാർത്തണ്ഡപ്രകാശേ നേത്രദൃഷ്ടേർവ്യാപ്തിർയഥാ ഭവതി, (ഉപമാ ദ്വിവിധാ ജ്യായസീ ഹീനാ ച (ദ്ര. നിരുക്തം 3.13-14) യത്ര ശ്രേഷ്ഠേന ഹീന ഉപമീയതേ സാ ജ്യായസീ, ഹീനേന ച ശ്രേഷ്ഠ ഉപമീയതേ സാ ഹീനാ। പ്രകൃതമന്ത്രേ സർവവ്യാപകസ്യ വിഷ്ണോഃ പദദർശനം ദിവ്യാതതേന ചക്ഷുഷോപമീയതേ, യതഃ പ്രാകൃതജഗത്യപ്യസ്മാകം ചക്ഷുഃ കണവദ് വർത്തതേ, തസ്മാദേഷാ ഹീനോപമാ ജ്ഞേയാ ) തഥൈവ തത്പദം ബ്രഹ്മാപി വർത്തതേ। മോക്ഷസ്യ ച സർവസ്മാദധികോൽകൃഷ്ടത്വാത് തദേവ ദ്രഷ്ടും പ്രാപ്തുമിച്ഛന്തി। അതോ വേദാ വിശേഷണ തസ്യൈവ പ്രതിപാദനം കുർവന്തി।

ഏതദ്വിഷയകം വേദാന്തസൂത്രം വ്യാസോഽപ്യാഹ -

'തത്തു സമന്വയാത്' (അ.1 പാ.1 സൂ.4)

**അസ്യായമർത്ഥഃ** : തദേവ ബ്രഹ്മ സർവത്ര വേദവാക്യേഷു സമന്വിതം പ്രതിപാദിതമസ്തി। ക്വചിത് സാക്ഷാത് ക്വചിത് പരമ്പരയാ ച (ഏതസ്യ വിശേഷ വ്യാഖ്യാനം ഗ്രന്ഥകൃതാ പ്രതിജ്ഞാവിഷയേ കരിഷ്യതേ - 'യസ്യ യസ്യ മന്ത്രസ്യ' ഇത്യാരഭ്യ 'കാര്യസ്യേശ്വരേണ സഹാന്വയാച്ച' ഇത്യന്തേന പ്രകരണേന।) അതഃ പരമോഽർഥോ വേദാനാം ബ്രഹ്മൈവാസ്തി।

തഥാ യജുർവേദേ പ്രമാണമ് -

യസ്മാന്ന ജാതഃ പരോഽഅന്യോഽഅസ്തി യഽആവിവേശ ഭുവനാനി വിശ്വാ।
പ്രജാപതിഃ പ്രജയാ സംരരാണസ്ത്രീണി ജ്യോതീംഷി സചതേ സ ഷോഡശീ॥

(യജുർവേദം 8.36)

(തുടരും)

*വിപ്രാ അമൃതാ ഋതജ്ഞാഃ (യജുർവേദം 9.18)*
*വിപ്രൻ സത്യവ്രതനും അമരനുമാകുന്നു*

(മുൻലക്കത്തിന്റെ തുടർച്ച)



# മനുസ്മൃതി

ഡോ. സുരേന്ദ്രകുമാർ
തർജ്ജമ : കെ.എം. രാജൻ

**ഇ**തിൽ നിന്നും വ്യക്തമാവുന്നത് ശ്രീരാമന്റെ കാലത്ത് ധർമ്മ നിർണയം ചെയ്യാൻ മനുസ്മൃതിക്ക് അത്യധികം പ്രാമാണികതയും പ്രസിദ്ധിയും അധികാരവും മഹത്വവും നൽകിയിരുന്നുവെന്നാണ്.

മഹാഭാരതത്തിൽ അനേകം സ്ഥലങ്ങളിൽ മനുവിനെ വിശിഷ്ട സ്മൃതികാരന്റെ രൂപത്തിൽ വർണ്ണിച്ചിട്ടുണ്ട് (മഹാഭാരതം ആദിപർവം 73.89, ശാന്തിപർവം 36.3, 56.33, 118.26, 121.10, 12;201.32,33,335.44,46 തുടങ്ങിയവ.) മഹാഭാരതത്തിലെ ഈ ശ്ലോകങ്ങളിൽ നിന്ന് വ്യക്തമാവുന്നത് അക്കാലത്ത് മനുവിന്റെ വചനങ്ങൾ കുതർക്കം തുടങ്ങിയവയാൽ ഖണ്ഡിക്കാൻ പറ്റാത്തതായി കരുതിയിരുന്നുവെന്നാണ്.

**ഭാരതം മാനവോ ധർമഃ സാംഗോപാംഗശ്ചികിൽസകഃ|**
**ആജ്ഞാസിദ്ധാനി ചത്വാരി, ന ഹന്തവ്യാനി ഹേതുഭിഃ ||**

അർത്ഥം : മഹാഭാരതം (പാഠഭേദത്താൽ പുരാണം നിരുക്തം 4.19 ൽ പുരാണ ശബ്ദത്തിന്റെ നിർവചനം നല്കിക്കൊണ്ട് പറയുന്നു. 'പുരാ നവം ഭവതീതി' അതായത് ഏതൊന്നാണോ നേരെത്ത പുതിയതായിരുന്നത് അതിപ്പോൾ അല്ല. അതിനാൽ പുരാണങ്ങൾ എന്നത് ഐതിഹാസിക ഗ്രന്ഥങ്ങളുടെ നാമമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഐതിഹാസിക ഗ്രന്ഥങ്ങൾക്ക് പുരാണമെന്ന പേര് നൽകി. പുരാണമെന്ന ഈ ശബ്ദത്തിനിവിടെ 18 പുരാണങ്ങൾ എന്ന അർത്ഥമെടുക്കരുത്. എന്തെന്നാൽ നിരുക്തകാരന്റെ സമയത്ത് ഈ പുരാണങ്ങളുടെയൊന്നും രചന നടന്നിട്ടില്ലായിരുന്നു. എല്ലാ പുരാണങ്ങളും പിന്നീട് വന്നതാണ്.) മനുവിനാൽ പ്രതിപാദിതമായ ധർമ്മം, സാംഗോപാംഗം ശിക്ഷ നേടിയ ചികിത്സകൻ, ധാർമ്മിക വിദ്വാൻമാരാൽ ആജ്ഞാപിക്കപ്പെട്ടു സിദ്ധിച്ച കാര്യം, ഈ നാലെണ്ണത്തേയും ഹേതുശാസ്ത്രത്തിന്റെ (തർക്ക ശാസ്ത്രം) സഹായമുപയോഗിച്ച് കുതർക്കാദികളാൽ ഖണ്ഡിക്കരുത്.

(തുടരും)

ഈശാവാസ്യമിദം സർവ്വം (യജു. 40.1)
ഈ ജഗത്ത് മുഴുവൻ ഈശ്വരമയമാണ്.

(മുൻ ലക്കത്തിന്റെ തുടർച്ച)



# പുരാണങ്ങൾ ; സത്യവും മിഥ്യയും

കെ. എം. രാജൻ

**അദ്ധ്യായം 5** **പുരാണങ്ങൾ സ്വയം മാറ്റുരയ്ക്കുമ്പോൾ**

**ഇ**ന്ന് മഹാഭാരതത്തിന്റെ അവസ്ഥയൊന്നു നോക്കുക. ഒരു ലക്ഷത്തിലധികം ശ്ലോകങ്ങളാണ് ഇപ്പോൾ ലഭിക്കുന്ന മഹാഭാരതത്തിൽ കാണുന്നത്!

## അദ്ധ്യായം – 5
## പുരാണങ്ങളിലെ വൈരുദ്ധ്യങ്ങൾ

പുരാണങ്ങൾ വ്യാസകൃതമെല്ലന്നു ബോധ്യപ്പെടാനുള്ള പ്രധാന കാരണങ്ങളിലൊന്ന് അതിൽ കാണുന്ന വൈരുദ്ധ്യങ്ങളാണ്. ഒരാൾ തന്നെ 18 പുരാണങ്ങൾ എഴുതിയെങ്കിൽ അതിൽ പരസ്പരവിരുദ്ധമായ കാര്യങ്ങൾ ഒരിക്കലും വരില്ലായിരുന്നു. പുരാണങ്ങളിൽ കാണുന്ന ഏതാനും വൈരുദ്ധ്യങ്ങളെ നമുക്കൊന്ന് പരിശോധിക്കാം.

ഒരു പുരാണം ഒരു ദേവനെ സ്തുതിക്കുകയാണെങ്കിൽ മറ്റൊരു പുരാണം ആ ദേവനെ നിന്ദിക്കുന്നു. ഉദാഹരണങ്ങൾ നോക്കാം.

ഭാഗവതപുരാണത്തിൽ ശിവന്റെ ഉപാസകരെ നിന്ദിക്കുന്നത് നോക്കുക.

**ശിവവ്രതധരായൈ ച യേ ച താൻ സമനുവ്രതാഃ |**
**പാഖണ്ഡിനസ്തേ ഭവന്തു സച്ഛാസ്ത്ര പരിപന്ഥിനഃ||**

പദ്മപുരാണത്തിൽ വൈഷ്ണവരെ കഠിനമായി നിന്ദിക്കുന്നത് ഇങ്ങനെ -

**വിഷ്ണുദർശന മാത്രേണ ശിവദ്രോഹഃ പ്രജായതെ|**
**ശിവദ്രോഹാന്നസംദേഹോ നരകം യാതി ദാരുണമ് ||**

മാത്രമല്ല, മറ്റു പുരാണങ്ങളെല്ലാം താമസികമായതാണെന്നും ഈ പുരാണം പറയുന്നു.

**മത്സ്യം കൂർമ്മം തഥാ ലൈംഗം ശൈവം സ്കാന്ദം തഥൈവ ച |**
**ആഗ്നേയം ച ഷഡേതാനി താമസാനി നിബോധ മേ ||**

(തുടരും)

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ.*

(മുൻ ലക്കത്തിന്റെ തുടർച്ച)



# ദ്രൗപദിയും പഞ്ചപതികളും

അമർസ്വാമി സരസ്വതി
തർജ്ജമ : കെ. എം. രാജൻ

**നോ**ക്കിയാലും -

**മയാ കഥം നാനൃതമുക്തമദ്യ, ഭവേത് കുരൂണാമൃഷഭ ബ്രവീഹി।**

**പാഞ്ചാലരാജസ്യ സുതാമധർമോ, ന ചോപവർത്തേത ന വിഭ്രമേച്ച ॥**

(മഹാഭാരതം ആദിപർവം അധ്യായം 190, ശ്ലോകം 5)

**ഭാവാർത്ഥം**: അല്ലയോ കുരുശ്രേഷ്ഠ! ഞാൻ പറഞ്ഞുപോയ വാക്യം തെറ്റാവാതിരിക്കുകയും പാഞ്ചാലരാജകുമാരിയായ കൃഷ്ണക്ക് പാപം ഏൽക്കാതിരിക്കുകയും ചെയ്യുന്ന ഒരുപായം പറഞ്ഞു തന്നാലും.

**സമീക്ഷ** -

ദ്രൗപദിക്ക് ദുഃഖവും പശ്ചാത്താപവും എന്തുകൊണ്ടുണ്ടായി? അവരോട് തെറ്റായ കാര്യം ആരോ പറഞ്ഞു എന്നതിനാലല്ലേ ദുഃഖമുണ്ടായത്? ഇത്തരത്തിൽ ഒരുപായം യുധിഷ്ഠിരനോട് ചോദിക്കേണ്ട ആവശ്യകതയെന്തായിരുന്നു? ഈ വാക്യത്തിൽ നിന്നു വ്യക്തമാവുന്നത് പഞ്ചപാണ്ഡവരെ ദ്രൗപദി വിവാഹം കഴിക്കുക.... അതിൽ ദ്രൗപദിക്ക് പാപം ഉണ്ടാകുക, ഇക്കാര്യം കുന്തി അറിയുകയും ഉൾക്കൊള്ളുകയും ചെയ്യുന്നുണ്ട്. അതിനാലാണ് അവർ തന്റെ വചനത്തിന് മാറ്റം വരാതിരിക്കുകയും എന്നാൽ അതോടൊപ്പം ദ്രൗപദിയെ അഞ്ചുപേരുടെ ഭാര്യയാക്കുകയും അതുമൂലം ദ്രൗപദിക്ക് പാപമൊന്നും ഏൽക്കാതിരിക്കുകയും വേണമെന്ന് ആവശ്യപ്പെടുന്നത്.

11. കുന്തിയുടെ ഈ വാക്യം ഇപ്രകാരമായിത്തീർന്നു.

**കുടീഗതാ സാത്വനവേക്ഷ്യ പുത്രൗ, പ്രോവാച ഭുക്തേതി സമേത്യ സർവേ|**

**പശ്ചകാച്ചകുന്തീ പ്രസമീക്ഷ്യ കൃഷ്ണാം, കഷ്ടം മയാ ഭാഷിതമിത്യുവാച||**

(മഹാഭാരതം ആദിപർവം അദ്ധ്യായം 190, ശ്ലോകം 2)

**ഭാവാർത്ഥം**: ആ സമയത്ത് കുന്തീദേവി കുടിലിനകത്തായിരുന്നു. തന്റെ മക്കളെ കാണാതെ തന്നെ അവർ ഉത്തരം നൽകി "ഭക്ഷിച്ചോളൂ..." എന്നാൽ ദ്രൗപദിയെ അവർക്കൊപ്പം കണ്ട കുന്തി ചിന്താധീനയായി. "അയ്യോ! എന്റെ മുഖത്ത് നിന്ന് അനുചിതമായ വാക്യം പുറത്തു വന്നു." (തുടരും)

**യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)**
**ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ**

*(മുൻലക്കത്തിന്റെ തുടർച്ച)*



# ജീവിതം ഒരലയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

ഓഫീസ് വിട്ടതിനു ശേഷം അദ്ദേഹം വേഗം പുറത്തുവന്ന് കാറിൽ പാച്ചനേയും കയറ്റി മുൻസീറ്റിൽ ഒപ്പമിരുത്തി സ്വയം ഓടിച്ച് മെയിൻറോഡിലേക്ക് കടന്നു.

'അങ്ങ് ദില്ലി കണ്ടിട്ടുണ്ടോ? ഇവിടെ ആദ്യമായല്ലേ വരുന്നത്? ഇതാണ് ഇന്ത്യയുടെ തലസ്ഥാനം. വൈസ്രോയിയാണ് ഇന്ത്യാ രാജ്യത്തിന്റെ ഭരണാധിപൻ-ഏകാധിപതി. അദ്ദേഹത്തിന്റെ ആസ്ഥാനമാണ് ന്യൂദില്ലി. ഇവിടെ നാനാ സംസ്കാരവും വിശ്വാസവുമാർന്ന ജനങ്ങൾ താമസിക്കുന്നു. ലോകത്തിൽ നല്ലവർ കുറച്ചും ദുർമോഹികളും കള്ളന്മാരും കൊള്ളക്കാരും കൂടുതലു മാണുണ്ടാവുക. അതുകൊണ്ടാണല്ലോ തിന്മ നിറഞ്ഞ കൗരവൻമാരിൽ പതിനൊന്നും പാണ്ഡവരിൽ ഏഴ് അക്ഷൗഹിണിയും നിരന്നത്. ലോക സ്വഭാവമാണിത്. ഇരുട്ടും വെളിച്ചവും ഈശ്വര സൃഷ്ടിയാണ്. അനുകൂല -പ്രതികൂല ദ്വന്ദ്വങ്ങളെ സാമദാനാദി മുഖേന സമവായപ്പെടുത്തിക്കൊണ്ട് നിയന്ത്രണാധീനമാക്കിയാൽ കുഴപ്പം കൂടാതെ ജീവിക്കാം. എന്നാൽ ജീവിതത്തിന്റെ ലക്ഷ്യമെന്തെന്നറിയില്ലാർക്കും. ആ ലക്ഷ്യം നേടലാണിയാളുടെ ഈ വരവിന്റെ ഉദ്ദേശ്യമെന്ന് ആ എഴുത്ത് കണ്ടപ്പോൾ എനിക്ക് മനസ്സിലായി. ആ ലക്ഷ്യപ്രാപ്തിക്ക് എന്നാലാവുന്നതെല്ലാം ചെയ്യാം. ഏതായാലും ഈ ദില്ലി, അതായത് പൗരാണിക ഇന്ദ്രപ്രസ്ഥം ഒന്നു കണ്ടിട്ടു പോകാം. എന്താ പോരെ?'

അദ്ദേഹത്തിന്റെ വിദുരോപദേശ മധുര ശ്രവണത്താൽ സർവ്വസ്മൃത നിർവൃതിയിലാണ്ടുപോയി പാച്ചൻ. ഇത്രയും ഉയർന്ന നിലയിൽ വാഴുന്നൊരു ദ്യോഗസ്ഥന്റെ വിനയാദരപ്രകടനം കണ്ടിട്ട് പാച്ചനൊരമ്പരപ്പാണുണ്ടായത്. എന്തെന്നാൽ ഇത്തരത്തിലൊരു പെരുമാറ്റം അയാൾ ജീവിതത്തിൽ ഇന്നേവരെ കണ്ടിട്ടില്ലെന്നതു തന്നെ.

എന്താ..പ്പോ, പറയേണ്ടത്? അറിവും പരിചയവും ഇല്ലാത്ത മുമ്പൊ രിക്കലും കണ്ടിട്ടില്ലാത്ത അപരിചിതനായവനോട് ചിരപരിചിതനായൊരു മിത്രസമാനം പെരുമാറുന്നതെങ്ങനെ? ഇതിലും വല്ല നിഗൂഢതയും ഉണ്ടാകുമോ? 'ചൂടുവെള്ളത്തിൽ വീണ പൂച്ച പച്ചവെള്ളം കണ്ടാലും പേടിക്കും' എന്ന ചൊല്ലുപോലെ ചതിയിൽപെട്ടു ശീലിച്ച പാച്ചന്റെ മനസ്സ് ആദ്യം പോയത് വക്രചിന്ത യിലേക്കാണെങ്കിലും അതിനെ നിയന്ത്രണാധീനമാക്കി.

(തുടരും)

**യന്തി പ്രമാദമതന്ദ്രാഃ (സാമം 721)**

**ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു**

(മുൻ ലക്കത്തിന്റെ തുടർച്ച)



# യോഗദർശനം

## (മഹർഷി വ്യാസഭാഷ്യസഹിതം)

സ്വാമി സത്യപതി പരിവ്രാജക്
തർജ്ജമ : കെ. എം. രാജൻ

## സമാധിപാദം (തുടർച്ച)

**അ**തിനാൽ പുരുഷന് ചിത്തവൃത്തികളുടെ ജ്ഞാനം ഏതാണോ അതിൽ പുരുഷന്റെയും ബുദ്ധിയുടേയും (പ്രവാഹത്താൽ) അനാദി സംബന്ധമാണ് കാരണമായീത്തീരുന്നത്.

**യോ.പ്ര :** ഈ സൂത്രത്തിൽ സംപ്രജ്ഞാതവും അസംപ്രജ്ഞാതവുമായ സമാധി അവസ്ഥകളിൽ നിന്ന് ഭിന്നമായ അവസ്ഥയിൽ അതായത് സാംസാരികാവസ്ഥയിൽ ജീവാത്മാവ് തന്റെ ചിത്തവൃത്തികൾക്ക് സമാനമായി നോക്കുന്നു.

ചിത്തത്തിന്റേയും ഇന്ദ്രിയങ്ങളുടേയും മാധ്യമത്തിലൂടെ ഏതൊരു വിഷയമാണോ ജീവാത്മാവ് നേടുന്നത്, ആ ജ്ഞാനത്തെ വൃത്തി എന്നു പറയുന്നു. ചിത്തത്തിൽ ഏതെങ്കിലും വിഷയത്തിന്റെ ചിത്രം ഇറങ്ങി വരുമ്പോൾ ജീവാത്മാവ് അതിനെ നോക്കുന്നു. എപ്രകാരമാണോ ആ ചിത്രം അപ്രകാരം സ്വയം കാണുന്നു. ആ ചിത്രം ചിത്തവൃത്തിയിൽ നിന്നും തന്നിൽ നിന്നും ഭിന്നമാണെന്ന വ്യത്യാസം അതിനുണ്ടാവുന്നില്ല. ഉദാഹരണത്തിന് ഒരാൾ ഉത്തമ പദാർത്ഥങ്ങൾ കഴിച്ചു. തന്മൂലം അയാൾക്ക് സുഖപ്രാപ്തിയുണ്ടാവുന്നു. ആത്മാവ് ആ സുഖത്തെ തന്റെ തന്നെ സ്വരൂപമായി മാനിക്കുന്നു. മറ്റൊരുദാഹരണം- ഒരാൾക്ക് ക്രോധം വരുന്നു ആ ക്രോധത്തെ അയാൾ തന്റെ സ്വരൂപമായി കണക്കാക്കുന്നു. എന്നാൽ ക്രോധം ജീവാത്മാവിന്റെ സ്വരൂപമല്ല. ഇപ്രകാരം ജീവാത്മാവ് അജ്ഞാനാവസ്ഥയിൽ ശരീരം, ഇന്ദ്രിയം, മനസ്സ്, ബുദ്ധി, ഭൂമി, ധനം, പുത്രൻ, പൗത്രൻ തുടങ്ങിയവയെ തന്നിൽനിന്ന് ഭിന്നമായി അറിയുന്നില്ല. താനും അതും ഒന്നാണെന്ന് കരുതുന്നു. ജീവാത്മാവ്, മനസ്സ്, ഇന്ദ്രിയങ്ങൾ എന്നിവയാൽ അനേകം കാര്യങ്ങൾ ചെയ്യുന്നു. അതിനത് ഹാനികരവുമാണ്. സ്വയം അത് മനസ്സ്, ഇന്ദ്രിയങ്ങൾ എന്നിവയുടെ പ്രേരണയിൽ പ്രവൃത്തികൾ ചെയ്യുമ്പോഴും ഈ മനസ്സും ഇന്ദ്രിയങ്ങളും അശുഭകർമ്മങ്ങൾ ചെയ്യുകയാണെന്നറിയുന്നു. അതിന്റെ സമാധി അവസ്ഥയിൽ നിന്ന് വ്യത്യസ്തമായ സംസാരികാവസ്ഥയാണിത്. ഇതിൽ നിന്ന് വ്യക്തമാവുന്നത് ഈ അവസ്ഥയിൽ ജീവാത്മാവ് സ്വയം വൃത്തികളിൽ ഏകരൂപം അതായത് അഭിന്നമായതായി കാണുന്നു. ഇത് സാംസാരിക ജനങ്ങളുടെ സ്ഥിതിയാണ്. പുതിയ സാധകന്മാർ പ്രാരംഭത്തിൽ സമാധിയിലെത്തുമ്പോൾ അവരുടെ സ്ഥിതിയിലെത്തുമ്പോൾ അവരുടെ സ്ഥിതിയും ഇപ്രകാരമാണ്. വ്യവഹാരകാലത്ത് അവർ ചിത്തവൃത്തികളേയും തന്നേയും ഏകരൂപമുള്ളതായി കാണുന്നു. (തുടരും)

**ബൃഹദ് വദേമ വിവഥേ സുവീരാഃ (യജുർവേദം 34.58)**

**ഞങ്ങൾ ശാസ്ത്രാർത്ഥങ്ങളെ നന്നായി വദിക്കും**

(മുൻലക്കത്തിന്റെ തുടർച്ച)



# അഷ്ടാധ്യായി പ്രവേശിക

ആചാര്യ ബൽദേവ് നൈഷ്ഠിക്
തർജ്ജമ : ബ്രഹ്മചാരി വിഷ്ണു ആര്യ

## പ്രത്യാഹാര സൂത്രങ്ങളുടെ സൂത്രോദാഹരണ വിവരണം (തുടർച്ച)

| നമ്പർ | പ്രത്യാഹാര സൂത്രങ്ങൾ | പ്രത്യാഹാരങ്ങൾ | വർണ്ണങ്ങൾ | ഉദാഹരണം |
|---|---|---|---|---|
| 11 | ഖഫഛഠഥചടതവ് | 1. ഛവ് | ഛ,ഠ,ഥ,ച,ട,ത | നശ്ഛവ്യപ്രശാൻ (8.3.7) |
| 12 | കപയ് | 1. യയ് | യ,വ,ര,ല, ഞ,മ, ങ,ണ,ന, ഝ,ഭ,ഘ,ഢ,ധ, ജ,ബ,ഗ,ഡ,ദ,ഖ, ഫ,ഛ,ഠ,ഥ,ച,ട, ത, ക,പ | അനുസ്വാരസ്യ യയി പരസവർണ ഃ (8.4.57) |
| | | 2. മയ് | മ,ങ,ണ,ന,ഝ, ഭഘഢധജബ ഗ,ഡ,ദ,ഖ,ഫ, ഛ,ഠ,ഥ,ച,ട, ത,ക,പ | മയ ഉഞോ വോ വാ (8.3.33) |
| | | 3.ഝയ് | ഝ,ഭ,ഘ,ഢ,ധ,ജ ബ,ഗ,ഡ,ദ,ഖ, ഫഛ,ഠ,ഥ,ച,ട, ത,ക, പ | ഝയോ ഹോഽന്യ തരസ്യാം (8.4.61) |
| | | 4.ഖയ് | ഖ,ഫ,ഛ,ഠ,ഥ, ച,ടത,കപ | പുമഃ ഖയ്യംപരേ (8.3.6) (8.3.6) |
| | | 5 ചയ് | ച,ട,ത,കപ | ചയോ ദ്വിതീയാഃ ശരി പൗഷ്കരസാദേഃ (വാർത്തിക സൂത്രം) |

(തുടരും)

*ബ്രഹ്മൻ ത്വം ബ്രഹ്മസി (യജുർവേദം 10. 28)*
*ഹേ ബ്രഹ്മൻ! നീ അറിവുള്ളവനാകുന്നു*



# ഗോകരുണാനിധി

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ : കെ. എം. രാജൻ

**സു**ഖദുഃഖങ്ങളെ സ്വയം മാനിക്കാത്ത ആരാണ് ഈ സൃഷ്ടിയിലുള്ളത്? കഴുത്ത് വെട്ടിയാൽ ദുഃഖിക്കാത്തവരും രക്ഷിക്കുന്നതിൽ സന്തോഷിക്കാത്തവരുമായ ഏതെങ്കിലും മനുഷ്യരുണ്ടോ? എല്ലാവർക്കും ലാഭത്തിലും സുഖത്തിലുമാണ് പ്രസന്നതയെങ്കിൽ നിരപരാധികളായ പ്രാണികളെക്കൊണ്ട് ശരീരത്തെ പോഷിപ്പിക്കുന്നവർ സത്പുരുഷന്മാരുടെ മുന്നിൽ നിന്ദിതരാകാതിരിക്കുമോ? സർവശക്തിമാനായ ജഗദീശ്വരൻ ഈ സൃഷ്ടിയിലെ മനുഷ്യരുടെ ആത്മാക്കളിലും ദയ, ന്യായം എന്നിവ പ്രകാശിപ്പിച്ച് അങ്ങനെ അവർ ദയാലുക്കളും ന്യായയുക്തരുമായിത്തീർന്ന് സർവദാ സർവോപകാരകമായ കർമ്മങ്ങൾ ചെയ്ത് സ്വാർത്ഥതയിൽ നിന്ന് വിട്ട് പക്ഷപാതമില്ലാതെ കൃപാപാത്രമായ പശു തുടങ്ങിയ മൃഗങ്ങളെ നശിപ്പിക്കാതെ അവരുടെ പാൽ തുടങ്ങിയ പദാർത്ഥങ്ങളും കൃഷി തുടങ്ങിയ കൃത്യങ്ങളിൽ നേട്ടവും കൈവരിച്ച് എല്ലാ മനുഷ്യരും ആനന്ദത്തിൽ വർത്തിക്കട്ടെ.

ഈ ഗ്രന്ഥത്തിൽ എന്തെങ്കിലും കൂടുതലോ കുറവോ അയുക്തമോ ഉണ്ടെങ്കിൽ ബുദ്ധിമാന്മാരായവർ അത് ഈ ഗ്രന്ഥത്തിന്റെ താൽപര്യാർത്ഥം ഗ്രഹിക്കണം. ധാർമികരായ പണ്ഡിതരുടെ യോഗ്യത വക്താവിന്റെ വാക്കുകൾക്കും ഗ്രന്ഥകർത്താവിന്റെ താൽപര്യത്തിനും അനുസരിച്ചു മനസ്സിലാക്കാവുന്നതാണ്. പശു തുടങ്ങിയ മൃഗങ്ങളെ പറ്റാവുന്ന തരത്തിൽ സംരക്ഷിച്ച് പാൽ, നെയ്യ്, കൃഷി എന്നിവ വർദ്ധിപ്പിക്കുവാനും തന്മൂലം എല്ലാവരുടേയും സുഖം വർദ്ധിപ്പിക്കുക എന്നതാണ് ഈ ഗ്രന്ഥരചനയുടെ ലക്ഷ്യം. പരമാത്മാവിന്റെ കൃപയാൽ ഈ അഭീഷ്ടം വേഗത്തിൽ സിദ്ധിക്കട്ടെ.

ഈ ഗ്രന്ഥത്തിൽ മൂന്നു പ്രകരണങ്ങളുണ്ട്. സമീക്ഷ, നിയമം, ഉപനിയമം എന്നിവയാണവ. ഇവയെ സശ്രദ്ധം നോക്കി പക്ഷപാതമില്ലാതെ വിചിന്തനം നടത്തി രാജാവും (ഭരണാധികാരികൾ) ജനങ്ങളും അവയെ യഥാവിധി പ്രയോജനപ്പെടുത്തി രണ്ടു കൂട്ടരുടെയും സുഖത്തെ വർദ്ധിപ്പിക്കട്ടെ!

|| ഇതി ഭൂമിക ||

(തുടരും)

തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)
ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !

(മുൻ ലക്കത്തിന്റെ തുടർച്ച)



# മാപ്പിള

വീർവിനായക് ദാമോദർ സവർക്കർ
തർജ്ജമ: കെ.എം. രാജൻ

## അദ്ധ്യായം 1

**ഇ**ത്തരം വ്യക്തികളെ കാണുന്നതുപോലും അനിഷ്ടകാരകമായാണിവർ കണ്ടിരുന്നത്. ഇക്കാരണത്താൽ ഈ ജാതിയിൽപെട്ട കുടുംബങ്ങൾ പ്രധാന സ്ഥലങ്ങളിൽ നിന്നും വിട്ടുമാറി തങ്ങളുടെ പ്രത്യേക ഗ്രാമങ്ങളിൽ ഒന്നൊന്നര മൈൽ ദൂരത്തിലാണ് പാർത്തിരുന്നത്.

ഈ സാമാജിക വിശ്വാസങ്ങൾ കാരണം ഹിന്ദുസമാജത്തിലെ വിവിധവിഭാഗങ്ങൾ ഈ 'കുട്ടം' ഗ്രാമത്തിൽ പ്രത്യേകം പ്രത്യേകം സ്ഥലങ്ങളിലായാണ് താമസിച്ചിരുന്നത്.

പ്രഭാതവേള - തെങ്ങുകളുടേയും ഫലവൃക്ഷങ്ങളുടേയും സുന്ദരമായ വന്യപ്രദേശത്ത് വേദശാസ്ത്രനിരതന്മാരായ ബ്രാഹ്മണർ സാംഗോപാംഗം വേദപാഠം ചൊല്ലിക്കൊണ്ടിരിക്കുന്നു. ഇടയ്ക്കിടെ യജ്ഞങ്ങളിൽ നിന്നുയർന്നു വരുന്ന സുഗന്ധിതമായ പുക... കാളിദാസന്റെ മേഘസന്ദേശത്തിലെ യക്ഷൻ മേഘങ്ങൾ വഴി സന്ദേശം അയച്ചതിനു തുല്ല്യമായി തെങ്ങുകളുടെ ശിഖരങ്ങൾക്ക് താഴെ പരന്നുകിടന്നിരുന്നു. ഗ്രാമത്തിന്റെ മധ്യത്തിൽ വസിക്കുന്ന നായർ കുടുംബാംഗങ്ങളും തങ്ങളുടെ കാര്യങ്ങളിൽ വ്യാപൃതരായിരുന്നു. അവരിൽ പലരും ഗ്രാമത്തിന് സമീപത്തുകൂടിയൊഴുകിക്കൊണ്ടിരിക്കുന്ന നദിയിൽ നിന്ന് വെള്ളം കൊണ്ടുവരാനായി പോയിക്കൊണ്ടിരിക്കുന്നു. നായർ കുടംബങ്ങളിലെ സ്ത്രീകളും ഈ ജലാശയത്തിന്റെ മാർഗത്തിൽ വന്നു കൊണ്ടിരുന്നു. അവരിൽ അഞ്ചോ പത്തോ പേർ കുറച്ചുനേരം അവിടെനിന്ന് ചിരിച്ചുകൊണ്ട് പരസ്പരം വിടപറഞ്ഞു കൊണ്ടിരുന്നു.

ഈ സമയം അൽപ്പം ദൂരെയായി കൃഷി സ്ഥലത്തിനു സമീപം തിയ്യന്മാരുടെ വാസസ്ഥാനത്തിനടുത്തായി ഒരു മുസ്ലീം മൗലവി പാടത്തിനരികിൽ നിന്നിരുന്ന രണ്ടു തിയ്യന്മാരുമായി സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. "മുഹമ്മദ് നബിയുടെ അച്ഛന്റെ സഹോദരന്റെ അമ്മയുടെ സഹോദരിയുടെ ജാമാതാവിന്റെ സഹോദരിയുടെ അയൽക്കാരന്റെ സഹോദരിയുടെ പുത്രിയുടെ ജ്യേഷ്ഠപുത്രനായിരുന്നു എന്റെ പൂർവജൻ" തന്റെ നീണ്ടതാടിയിൽ രണ്ടുമുന്നു പ്രാവശ്യം വിരലോടിച്ചുകൊണ്ട് അയാൾ എല്ലാവരേയും അത് പറഞ്ഞു മനസ്സിലാക്കിക്കുകയായിരുന്നു.

(തുടരും)

ധർമ്മം ചര (തൈ. ഉ. 1.11.1)
ധർമ്മാചരണം ചെയ്യൂ !

(മുൻലക്കത്തിന്റെ തുടർച്ച)



# വൈദിക നിത്യകർമ്മവിധി എന്ത്, എന്തിന്?

കെ. എം. രാജൻ

**ഈ**ശ്വരനും ഉപാസകനുമിടയിൽ ഒരു മധ്യവർത്തിയുടെ ആവശ്യമില്ല. സാധകൻ നേരിട്ടാണ് ഈശ്വരനുമായി സമ്പർക്കം നടത്തേണ്ടത് എന്നാണ് ആർഷശാസ്ത്രങ്ങൾ പറയുന്നത്. ഒരു പകരക്കാരനെ വെച്ച് ആരാധനയും, ഉപാസനയും നടത്തുകയൊ, പുരോഹിതന്മാർ, പ്രവാചകന്മാർ, അവതാരങ്ങൾ എന്നിവരിലൂടെ ഈശ്വരനെ സമീപിക്കേണ്ടതിന്റെയോ ആവശ്യം മനുഷ്യനില്ല. ആപ്തപുരുഷന്മാരുടെ മാർഗ്ഗദർശനം തേടുന്നതിൽ തെറ്റില്ല. എന്നാൽ ഒരു പുരോഹിതന് കാശ് നൽകി തനിക്ക് വേണ്ടി ഉപാസനകൾ ചെയ്യാൻ പറയുന്നത് വേദാദിസത്യശാസ്ത്രങ്ങൾക്ക് വിരുദ്ധമാണ്.

'മനുർഭവ ജനയാ ദൈവ്യം ജനം' മനുഷ്യനാകൂ! എന്നാണ് വേദങ്ങൾ ഉദ്ഘോഷിക്കുന്നത്(ഋഗ്വേദം10.53.6). വ്യക്തികളിൽ നിന്നാണ് സമൂഹമുണ്ടാവുന്നത്. അതിനാൽ വ്യക്തികളിൽ ശരിയായ ആചാരാനുഷ്ഠാനങ്ങൾ വളർത്തിയെടുത്താൽ മാത്രമേ ഒരു സമൂഹത്തിന് ഒരു ആചാര പദ്ധതിയുണ്ടാവുകയുള്ളൂ.

**വേദാഹമേതം പുരുഷം മഹാന്തമാദിത്യവർണ്ണം തമസഃ പരസ്താത്।**
**തമേവ വിദിത്വാതിമൃത്യുമേതി നാന്യഃ പന്ഥാ വിദ്യാതേ/യനായ॥**

(യജുർവേദം 31.18)

**ഭാവാർത്ഥം**: മനുഷ്യർ ഇഹലോകപരവും പരലോകപരവുമായ സുഖങ്ങൾ ലഭിക്കണമെന്ന് മോഹിക്കുന്നുണ്ടെങ്കിൽ എല്ലാറ്റിനേക്കാളും അതി ബൃഹത്തായവനും സ്വയം പ്രകാശസ്വരൂപനും ആനന്ദത്തിടമ്പായവനും അജ്ഞാനലേശത്തിൽ നിന്നു കൂടി അകന്നു നിൽക്കുന്നവനുമായ പരമാത്മാവിനെ അറിഞ്ഞശേഷം മാത്രമേ മരണാദി അറ്റം കാണാത്ത ദുഃഖസാഗരത്തിൽ നിന്ന് കരപറ്റാൻ അവന് കഴിയൂവെന്നും ഇതിൽനിന്ന് ഭിന്നമായ മാർഗ്ഗങ്ങളൊന്നും തന്നെ മനുഷ്യനെ മുക്തിയിലേക്ക് എത്തിക്കില്ലെന്നും അറിഞ്ഞ് പ്രവർത്തിക്കണമെന്നാണ് ഈ മന്ത്രം ഉപദേശിക്കുന്നത്.

(തുടരും)

സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)
ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !



(മുൻലക്കത്തിന്റെ തുടർച്ച)

# സൽസന്താനങ്ങളുടെ നിർമ്മാണം

അജിതഗണേഷ്

ഛത്രപതി ശിവജിയെ വാർത്തെടുത്ത ജീജാബായിയെ പോലുള്ള സംസ്കാര സമ്പന്നകളായ അമ്മമാർക്ക് മാത്രമേ ഇത്തരം കാര്യങ്ങൾ പറഞ്ഞുകൊടുക്കാനാവൂ. ടെലിവിഷൻ, മൊബൈൽഫോൺ തുടങ്ങിയ വയുടെ അമിതമായ ഉപയോഗം കുട്ടിക്ക് ഏറെ ദോഷം ചെയ്യും. എട്ടുവയസ്സായാൽ കുട്ടിയെ പണ്ഡിതനായ ഒരാചാര്യന്റെ നിയന്ത്രണത്തിൽ വിട്ടുകൊടുക്കണം. ആ കുട്ടി ബ്രഹ്മചാരി അഥവാ ബ്രഹ്മചാരിണിയായി ആചാര്യ ഗർഭത്തിൽ വർത്തിക്കണം. ആചാര്യൻ വളരെ ശ്രദ്ധയോടെ കുട്ടിയെ വിദ്യ അഭ്യസിപ്പിക്കുകയും തെറ്റുകൾ കണ്ടാൽ ശിക്ഷ നൽകുകയും വേണം. മഹർഷി ദയാനന്ദന്റെ വീക്ഷണത്തിൽ വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം സ്വഭാവനിർമാണമാണ്. സത്യാർത്ഥപ്രകാശത്തിന്റെ മൂന്നാം സമുല്ലാസത്തിൽ ഇക്കാര്യം സ്പഷ്ടമാക്കുന്നതിനുവേണ്ടി അദ്ദേഹം സ്വനിർമ്മിതമായ ഒരു സുന്ദര ശ്ലോകം എഴുതിയിട്ടുണ്ട്. അതിങ്ങനെയാണ്.

**വിദ്യാവിലാസമനസോ ധൃതശീലശിക്ഷാഃ।**
**സത്യവ്രതാ രഹിതമാനമലാപഹാരാഃ**
**സംസാരദുഃഖദലനേന സുഭൂഷിതാ യേ**
**ധന്യാ നരാ വിഹിത കർമ്മ പരോപകാരാ ഃ॥**

വിദ്യാപ്രാപ്തിക്കായി സദാ പരിശ്രമിക്കുന്നവരുടെ ജീവിതം ധന്യമാണ്. ശീലവും സദാചാരവും ധാരണം ചെയ്ത് സത്യാചരണത്തിൽ സദാ തത്പരരായി അഭിമാനരൂപിയായ മലത്തിൽ നിന്നും വേറിട്ട് നിൽക്കുകയാണിവർ. സംസാരദുഃഖങ്ങളെ ദൂരീകരിക്കുവാൻ വ്രതം കൊണ്ടുനിൽക്കുന്ന ഇവർ പരോപകാരത്തിൽ വ്യഗ്രതയുള്ളവരാണ്. മഹർഷി ദയാനന്ദന്റെ ദൃഷ്ടിയിൽ വിദ്യാശീലം, സത്യം, അഭിമാനരാഹിത്യം, പരോപകാരം ഇത്യാദി സദ്ഗുണങ്ങൾ മനുഷ്യന്റെ ചാരിത്ര്യ നിർമാണത്തിന് അത്യന്താപേക്ഷിതമാണ്.

(അവസാനിച്ചു)

**സർവ്വ തദ് ഹന്മി ജനിമ ക്രമീണാമ് (അഥർവ്വം 2.31.5)**
**ഞാൻ കൃമികളെ ജന്മസ്ഥാനത്തു തന്നെ നശിപ്പിക്കും.**

(മുൻലക്കത്തിന്റെ തുടർച്ച)



## ബൈബിൾ സ്വയം മാറ്റുരയ്ക്കുമ്പോൾ

# സത്യം അറിയുക. സത്യം നിങ്ങളെ സ്വതന്ത്രരാക്കും (യോഹന്നാൻ 8.32)

സത്യകാമൻ

ഭൂമി തൂണുകളിൽ നിർത്തിയിരിക്കുന്നതായി പറയുന്നു. ഇതുപോലെ നൂറുകണക്കിനു അബദ്ധങ്ങളും ശാസ്ത്രാഭാസങ്ങളും ഈ പുസ്തകത്തിൽ നിന്ന് എടുക്കാനുണ്ട്. ബൈബിൾ മനസ്സിരുത്തി വായിക്കാത്തവർക്ക് ഇതു വല്ലതും മനസ്സിലാവുമോ?

**ശാസ്ത്രം : 5**

"പിന്നെ പിശാച് അവനെ (യേശുവിനെ) ഏറ്റവും ഉയർന്നൊരു മലമേൽ കൂട്ടിക്കൊണ്ടുപോയി ലോകത്തിലുള്ള സകല രാജ്യങ്ങളെയും അവയുടെ മഹത്വത്തെയും കാണിച്ചു" (മത്തായി 4:8,9)

മലയുടെ മുകളിൽ കയറി നിന്നാൽ ഭൂമിയിലുള്ള എല്ലാ രാജ്യങ്ങളെയും കാണാം എന്നാണ് ബൈബിളിൽ എഴുതിയിരിക്കുന്നത്. ജോർദ്ദാൻ മലയുടെ മുകളിൽ കയറി നിന്നാൽ ചുറ്റാകെ കാണുന്നത് മാത്രമാണ് ലോകം മുഴുവനുമെന്ന് വിചാരിക്കാൻ തക്ക അറിവും ലോകവിവരവും മാത്രമേ അന്നത്തെ അപരിഷ്കൃത വർഗ്ഗത്തിനുണ്ടായിരുന്നുള്ളൂ. എന്നിട്ടും സകല ശാസ്ത്രവും ബൈബിളിൽ നിന്ന് ഉരുത്തിരിഞ്ഞതെന്നാണ് മതം മാറ്റ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ വാദം.

**ശാസ്ത്രം : 6**

"ഭൂമിയുടെ നടുവിൽ ഞാൻ ഒരു വൃക്ഷം കണ്ടു. അത് ഏറ്റവും ഉയരമുള്ളതായിരുന്നു. ആ വൃക്ഷം വളരെ ബലപ്പെട്ടു. അത് ആകാശത്തോളം ഉയരമുള്ളതും സർവ്വഭൂമിയുടെയും അറ്റത്തോളം കാണാകുന്നതുമായിരുന്നു." (ഡാനിയേൽ 4:10,11,12)

ആകാശത്തോളം പൊങ്ങി നിൽക്കുന്ന മരത്തെക്കുറിച്ച് ബൈബിളിൽ എഴുതിയിരിക്കുന്നു. ഭൂമിയുടെ എല്ലാ ദിക്കുകളിൽ നിന്നും കാണാൻ സാധിക്കുന്ന ഒരു മരം. പഴയ നിയമകാലത്ത് അപരിഷ്കൃത വർഗ്ഗത്തിന് ഭൂമിയെക്കുറിച്ചുള്ള അറിവ് അത്രമാത്രമായിരുന്നു. അത് ആകാശത്തോളമല്ല അതിനേക്കാൾ അധികം പൊങ്ങിയാലും അതിനെ ഭൂമിയുടെ എല്ലാ ദിക്കിൽ നിന്നും കാണാൻ കഴിയുമെങ്കിൽ ഭൂമി പരന്നിരിക്കുന്നുവെന്നാണ് അന്നത്തെ അപരിഷ്കൃത വർഗ്ഗം വിശ്വസിച്ചിരുന്നത്.

(തുടരും)

**പാവകവർണ്ണഃ ശുചയോ വിപശ്ചിതഃ (യജു. 33. 81).**
**വിദ്വാൻ അഗ്നി തുല്യ തേജസ്വിയും പവിത്രവുമാണ്.**



(Cont'd from last issue)

# Dayananda The Great

Ved Mitra

## Chapter -I
## DAYANANDA - AS A SCHOLAR

Dayananda as a scholar was greater than the greatest of the all scholars born on the face of the globe, during the last five thousand years. He possessed all the knowledge of all the branches of the Vedas and Vedic literature. He was a mighty good all - rounder of social, spiritual, religious, political and yogic knowledge. There was no branch in the vast Vedic literature, which he left untouched. He studided more than three thousand Sanskrit books right from Brahma down to Jaimini i.e. from Rigveda upto Purva - Mimamsa. This statement was made by Dayananda himself in his small book ' Bhranti Nivarana'. When I read this, at once the words slipped out of my heart.

What a volcanic personality he was!

What a wonderful figure he was

His tremendous study was not one sided. His study shines out without a shadow of doubt, as comparative and critical, logical and scientific. As a thinker, he classified the truth in three parts:

(i) The partial truth (ii) The half truth and (iii) The whole truth

He neither accepted the partial truth nor the half truth. He always accepted the whole truth which he found in the glorious Vedas. He loudly lamented the luck of Shankara, Ramanuja and Vallabha, as they had no insight in the four Vedas. They mistook Upanishad as the Vedas.

(To be continued)

സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)
ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !

(മുൻലക്കത്തിന്റെ തുടർച്ച)




# വേദ പുഷ്പങ്ങൾ

കെ.എം. രാജൻ

**മധുച്ഛന്ദാ ഋഷിഃ| സരസ്വതീ ദേവതാ| ഗായത്രീഛന്ദഃ| ഷഡ്ജഃ സ്വരഃ||**

**1. ഓം പാവകാ നഃ സരസ്വതീ വാജേഭിർവാജിനീവതീ|**

**യജ്ഞം വഷ്ടു ധിയാവസുഃ|| (ഋഗ്വേദം 1.3.10)**

**പദാർത്ഥം:** (വാജേഭിഃ) ഏതൊന്നാണോ എല്ലാ വിദ്യകളുടേയും പ്രാപ്തിക്ക് നിമിത്തമായ അന്നാദിപദാർത്ഥമാകുന്നത്, ഏതൊന്നാണോ അതിന്റെ കൂടെ (വാജിനിവതീ) വിദ്യയാൽ സിദ്ധിക്കുന്ന ക്രിയകളോട് യുക്തവും (ധിയാവസുഃ) ശുദ്ധകർമ്മങ്ങളോടൊപ്പം വസിക്കുന്നതും (പാവകാ) പവിത്രമാക്കുന്ന വ്യവഹാരങ്ങളെ ഉണ്ടാക്കുന്ന (സരസ്വതീ) ആരിലാണോ പ്രശംസാ യോഗ്യമായ ജ്ഞാനാദി ഗുണങ്ങളുള്ളത്, അത്തരത്തിലുള്ള ഉത്തമ വിദ്യകളെ നൽകുന്ന വാണി ഞങ്ങൾക്ക് (യജ്ഞം) ശില്പവിദ്യയുടെ മഹിമയ്ക്കും കർമ്മരൂപയജ്ഞത്തിനും (വഷ്ടു) പ്രകാശം നൽകുന്നതുമായി തീരട്ടെ!

**ഭാവാർത്ഥം :** ഈശ്വരന്റെ പ്രാർത്ഥനയാലും പുരുഷാർത്ഥത്താലും സത്യവിദ്യയിലും സത്യവചനയുക്തമായ കർമ്മങ്ങളിലും കുശലന്മാരായി എല്ലാവർക്കും ഉപകാരം ചെയ്യുന്ന വാണി എല്ലാ മനുഷ്യർക്കും ഉണ്ടാവട്ടെ! ഇത് ഈശ്വരന്റെ ഉപദേശമാണ്.

**മധുച്ഛന്ദാ ഋഷിഃ| സരസ്വതീ ദേവതാ| പിപീലികാമധ്യാനിച്യൃത്**

**ഗായത്രീഛന്ദഃ| ഷഡ്ജഃ സ്വരഃ||**

**2. ചോദയിത്രീ സൂനൃതാനാം ചേതന്തീ സുമതീനാം|**

**യജ്ഞം ദധേ സരസ്വതീ|| (ഋഗ്വേദം 1.3.11)**

(തുടരും)

**സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)**
**ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !**

# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

## അന്നദാനം മഹാദാനം



പ്രിയ വേദബന്ധു,

നമസ്തേ,

ആര്യസമാജത്തിന്റെ നേതൃത്വത്തിൽ സാംഗോപാംഗം വേദപഠനത്തിനു വേണ്ടി പ്രവർത്തിക്കുന്ന ഒരു ധർമ്മസ്ഥാപനമാണ് കാറൽമണ്ണ വേദഗുരുകുലം. ഇവിടെ വർണ്ണ-വർഗ്ഗ വ്യത്യാസമില്ലാതെ ജിജ്ഞാസുക്കളും യോഗ്യരുമായ വിദ്യാർത്ഥികൾക്ക് ശിക്ഷ, വ്യാകരണം, കല്പം, നിരുക്തം, ഛന്ദസ്സ്, ജ്യോതിഷം തുടങ്ങിയ വേദാംഗങ്ങൾ, ഉപവേദങ്ങൾ, ദർശനങ്ങൾ, ഉപനിഷത്തുക്കൾ, ബ്രാഹ്മണങ്ങൾ, ആരണ്യകങ്ങൾ, വേദങ്ങൾ, ഇതിഹാസങ്ങൾ, മനുസ്മൃതി തുടങ്ങിയവയും മഹർഷി ദയാനന്ദസരസ്വതിയുടെ ഗ്രന്ഥങ്ങൾ എന്നിവയും പഠിപ്പിക്കുന്നു. താമസവും ഭക്ഷണവും പഠനവുമെല്ലാം സൗജന്യമാണ്. വൈദികധർമ്മത്തെ സംരക്ഷിക്കാനും പരിപോഷിപ്പിക്കാനും കഴിവും ധർമ്മബോധവുമുള്ള പുതിയ ഒരു തലമുറയെ വാർത്തെടുക്കുകയാണ് ഈ സ്ഥാപനത്തിന്റെ മുഖ്യലക്ഷ്യം. ഒരു ഗോശാലയും ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

ധർമ്മബോധമുള്ള സജ്ജനങ്ങളുടെ സഹായസഹകരണങ്ങളാലാണ് ഗുരുകുലത്തിലെ ദൈനംദിന ചെലവുകൾ നടന്നുപോകുന്നത്. നമ്മുടെ വീടുകളിൽ നടക്കുന്ന വിവാഹം, പിറന്നാൾ, ചോറൂണ്, ഗൃഹപ്രവേശം, മരണാനന്തര ചടങ്ങുകൾ തുടങ്ങിയ വിശേഷാവസരങ്ങളിൽ ഗുരുകുലത്തിൽ അന്നദാനവും വിശേഷയജ്ഞവും നടത്താവുന്നതാണ്.

**"ശതഹസ്ത സമാഹര സഹസ്രഹസ്ത സം കിര"** (അഥർവ്വവേദം 3.24.5) എന്ന് വേദം പറയുന്നു. നൂറു കൈകളാൽ സമ്പാദിച്ച് ആയിരം കൈകളാൽ വിതരണം ചെയ്യൂ എന്നർത്ഥം.

**സംഭാവനകൾ അയക്കേണ്ട വിലാസം**

**വേദഗുരുകുലം, പണ്ഡിറ്റ് ഗുരുദത്ത് ഭവനം, കാറൽമണ്ണ തപാൽ, പാലക്കാട് – 679506**

**Ph: 7907077891, 9562529095, Web: www.vedagurukulam.org**

**Email: vedagurukulamkerala@gmail.com**

OUR BANK DETAILS

ACCOUNT NAME : VEDA GURUKULAM, SB A/C NO : 4264000100086562

PUNJAB NATIONAL BANK, CHERPULACHERY BRANCH

IFSC CODE : PUNB0426400

**യോ അഭ്രജാ വാതജാ യശ്ച ശുഷ്മഃ (അഥർവ്വം 1.12.3)**

**രോഗങ്ങൾ വാത, പിത്ത, കഫദോഷത്താൽ ഉണ്ടാകുന്നു.**

12-7

ഒരു ആര്യസമാജം പ്രസിദ്ധീകരണം
*Date of Publication 10/06/2020*

*RNI NO. KERMAL/2013/53849*
*REGISTERED NO. OTTAPALAM/5/2020-23*

## ആര്യസമാജ പ്രസിദ്ധീകരണങ്ങൾ (സ്റ്റോക്ക് ഉള്ളത്)

1. സത്യാർത്ഥപ്രകാശം (മലയാളം പരിഭാഷ)
   മഹർഷി ദയാനന്ദസരസ്വതി. സമ്പാദകൻ: കെ.എം. രാജൻ - Rs.250.00.
2. സന്ധ്യോപാസനയും അഗ്നിഹോത്രവും
   മഹർഷി ദയാനന്ദസരസ്വതി. സമാഹരണം: കെ.എം. രാജൻ - Rs.60.00
3. വൈദികധർമ്മ ആര്യസമാജ പ്രശ്നോത്തരി
   പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി. - Rs. 40.00
   തർജ്ജമ : കെ.എം.രാജൻ - Rs. 10.00
4. ആര്യസമാജം എന്ത്? എന്തിന്? - ലത രാജൻ - Rs. 10.00
5. സത്യാർത്ഥ പ്രകാശം എന്ത്? എന്തിന്? - കെ.എം.രാജൻ - Rs. 20.00
6. വൈദിക നിത്യകർമ്മവിധി - കെ.എം.രാജൻ - Rs. 25.00
7. വേദാന്തിധ്വാന്ത നിവാരണം
   മഹർഷിദയാനന്ദ സരസ്വതി. തർജ്ജമ : കെ.എം.രാജൻ - Rs. 200.00
8. പൂനാ പ്രവചനം (ഉപദേശമഞ്ജരി)
   മഹർഷി ദയാനന്ദ സരസ്വതി. തർജ്ജമ. കെ.എം.രാജൻ - Rs. 25.00
9. ആര്യോദ്ദേശ്യ രത്നമാല
   മഹർഷി ദയാനന്ദ സരസ്വതി. തർജ്ജമ. കെ.എം.രാജൻ - Rs. 200.00
10. സംശയനിവാരിണി
    ശ്രീ.മദൻ രഹേജ തർജ്ജമ : കെ.എം.രാജൻ - Rs. 40.00
11. വേദ പ്രകാശം പാഠാവലി - കെ.എം.രാജൻ - Rs. 60.00
12. മഹർഷി ദയാനന്ദ സരസ്വതി (ജീവചരിത്രം) - കെ.എം.രാജൻ - Rs. 35.00
13. ശത്രുവോ? മിത്രമോ? - കെ.എം.രാജൻ - Rs. 30.00
14. ശിവസങ്കല്പം - കെ.എം.രാജൻ - Rs. 40.00
15. ആര്യസമാജത്തിന്റെ നിയമങ്ങളും ലക്ഷ്യവും - കെ.എം.രാജൻ - Rs. 35.00
16. വൈദിക ഈശ്വരൻ - കെ.എം.രാജൻ - Rs. 60.00
17. കാലാ പഹാഡ് അഥവാ കാലാചന്ദ് റായ് - കെ.എം.രാജൻ - Rs. 250.00
18. 1921 മാപ്പിള ലഹള - ദിവാൻ ബഹാദൂർ സി.ഗോപാലൻനായർ

**(തപാൽ ചെലവ് പുറമെ)**

**അച്ചടിയിലുള്ളവ**

1. ദ്രൗപദിയും പഞ്ചപതികളും - അമർസ്വാമി സരസ്വതി, തർജ്ജമ : കെ.എം.രാജൻ
2. യോഗദർശനം (മഹർഷി വ്യാസഭാഷ്യസഹിതം) - സ്വാമി സത്യപതി പരിവ്രാജക് തർജ്ജമ. കെ.എം.രാജൻ
3. വേദങ്ങളെ അറിയുക - ഡോ.വിവേക് ആര്യ, തർജ്ജമ : കെ.എം.രാജൻ
4. അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം - കെ.എം.രാജൻ
5. പുരാണങ്ങൾ; സത്യവും മിഥ്യയും - കെ.എം.രാജൻ

Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O) Palakkad-679 504. Printed at Mudra Printers, Cherpulassery. and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O), Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan

**Email: dayanandasandesam@gmail.com** **Phone: 7907077891, 9562529095**